"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് സ്പഷ്ടീകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പി.ആർ.സി-എ) വകുപ്പ്**

ജി.ഒ (പി) നം. 141/2019-ധന          തീയതി, തിരുവനന്തപുരം,19.10.2019

---

സൂചന 1  26.04.2000 ലെ 24/2000/ധന നമ്പർ സർക്കുലർ

**ഉത്തരവ്**

കേരള സംസ്ഥാന ജീവനക്കാർക്ക് ഒരു നിശ്ചിത തസ്തികയിൽ വളരെക്കാലം തുടർ പ്രൊമോഷൻ ലഭിക്കാതെ വരുന്ന സാഹചര്യത്തിലാണ് സമയബന്ധിത ഹയർഗ്രേഡുകൾ പൊതുവിൽ അനുവദിക്കുന്നത്. പ്രവേശന തസ്തികയിലെ നിശ്ചിത കാലയളവ് സേവനം ആധാരമാക്കിയാണ് സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിച്ച് വരുന്നത്.

2. ശമ്പളപരിഷ്കരണ കമ്മിറ്റി റിപ്പോർട്ടുകളിൽ 'പ്രൊമോഷണൽ അവന്യൂസ്' എന്ന ഭാഗത്തിലാണ് സമയബന്ധിത ഹയർഗ്രേഡ് സംബന്ധിച്ച അടിസ്ഥാന തത്വങ്ങൾ പ്രസ്താവിച്ചിരിക്കുന്നത്. ആയത് ഇപ്രകാരമാണ്.

" 7.4 Assured Career Progression Scheme

ACP Scheme comes into play when employees do not get regular promotion, including ratio based promotion over a period of time. Its intention is to motivate the employees, who do not have minimum promotion avenues, by granting higher scales and fixation benefits. There will be no change in duties and responsibilities. It accrues on specific time intervals, on the 8th, 15th, 22nd, 27th years. For instance, if one doesn't get any normal promotion or ratio based promotion within 8 years of service in entry post, 8 years' TBHG will be given. If one gets promoted, say, within 5 years, then TBHG will be due only on completion of 15 years and not before. Theoreticaly, if one gets 4 promotions during the first 8 years itself, then no further TBHG will occur. In short, the eligibility criteria is as follows;

| 8th Year TBHG | 15th Year TBHG | 22nd Year TBHG | 27th Year TBHG |
|---|---|---|---|

| | | | |
|---|---|---|---|
| If only no promotion in the first 8 years | Maximum one promotion during the first 8 years | Maximum two promotions during 0-15 years | Maximum three promotions during 0-22 years |
| | And no Promotion during 8 to 15 years | And no promotion during 15-22 years | And no promotion during 22-27 years |

7.5 It ensures a minimum of one promotion (Whether it is regular or ratio based or Time Bound) on completion of 8 years, 2 promotions on completion of 15 years and so on. Employee satisfaction and consequential improvement in efficiency is the desired end".

3. ഉദാഹരണമായി പ്രസ്തുത സ്കീം പ്രകാരം ആദ്യ 15 വർഷത്തിനുള്ളിൽ പരമാവധി രണ്ട് പ്രൊമോഷനുകൾ ലഭിക്കുകയും 15 മുതൽ 22 വർഷം വരെ യാതൊരു പ്രൊമോഷനും ലഭിക്കാത്തവർക്കുമാണ് 22 വർഷത്തെ മൂന്നാം സമയബന്ധിത ഹയർഗ്രേഡിന് അർഹതയുള്ളത്. എന്നാൽ ചില വകുപ്പുകളിൽ വകുപ്പിനകത്തുള്ള ബൈട്രാൻസ്ഫർ പ്രൊമോഷൻ 28 എ ഫിക്സേഷൻ ആനുകൂല്യത്തോടെ നൽകുന്നതിന്റെ ഫലമായി സ്കീം പ്രകാരം സമയബന്ധിത ഹയർഗ്രേഡിന് നിശ്ചയിച്ചിട്ടുള്ള കാലയളവിനകത്ത് അനുവദനീയമായതിൽ കൂടുതൽ 28 എ ഫിക്സേഷൻ ലഭിക്കുന്നവർക്കും ഗ്രേഡ് അനുവദിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വകുപ്പുകൾക്കുള്ളിലുള്ള ബൈട്രാൻസ്ഫർ പ്രൊമോഷൻ പ്രകാരം പ്രവേശന തസ്തിക മാറുന്നു എന്ന് സാങ്കേതികമായി കണക്കാക്കുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്.

4. പല വകുപ്പുകളിലും സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ മറികടന്ന് ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതു പ്രകാരം നിയന്ത്രണാധികാരികളുടെ ടി നടപടി തടഞ്ഞുകൊണ്ട് സർക്കാർ സൂചന (1) ലെ സർക്കുലറിൽ ഹയർഗ്രേഡനുവദിക്കുന്നതിനുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ സ്പഷ്ടീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത സർക്കുലർ പ്രകാരം " കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന പേ റിവിഷൻ ഉത്തരവുകൾ മാനദണ്ഡമാക്കി സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ചു നൽകുന്നതിനുള്ള യോഗ്യതാ കാലം പൂർത്തിയാക്കുന്നതിനു മുൻപു തന്നെ റഗുലർ പ്രൊമോഷൻ/ഉയർന്ന തസ്തികയിലേയ്ക്കുള്ള നിയമനം എന്നിവയാലുള്ള ആനുകൂല്യം നേടിയിട്ടുള്ളവർക്ക് പ്രസ്തുത കാലയളവിൽ തുടർ സമയ ബന്ധിത ഹയർഗ്രേഡ് അനുവദിച്ചു നൽകുന്നതല്ല " എന്ന് സ്പഷ്ടീകരിച്ചിട്ടുണ്ട്.

5. ഇത്തരം സാഹചര്യങ്ങളിൽ സൂചന 1 ലെ സർക്കുലർ പ്രകാരം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനുള്ള യോഗ്യതാ സേവനകാലം പൂർത്തിയാക്കുന്നതിനു മുൻപ് റൂൾ 28 എ ഫിക്സേഷൻ ആനുകൂല്യത്തോടെ ഹയർ പോസ്റ്റിലേക്കുള്ള നിയമനം/ഹയർപോസ്റ്റിലേയ്ക്കുള്ള റഗുലർ/ബൈ ട്രാൻസ്ഫർ പ്രൊമോഷൻ ലഭിച്ചവർക്ക് സമയബന്ധിത ഹയർഗ്രേഡിനു അർഹതയില്ല എന്നാണ് അക്കൗണ്ടന്റ് ജനറലിന്റെ പരാമർശം.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ സമയബന്ധിത ഹയർഗ്രേഡിന്റെ യോഗ്യതാ മാനദണ്ഡങ്ങളും സൂചന (1) ലെ നിർദ്ദേശങ്ങളും

പ്രകാരം അക്കൗണ്ടന്റ് ജനറലിന്റെ പരാമർശം ക്രമപ്രകാരമാണെന്ന് കാണുന്നതിനാൽ സമയ ബന്ധിത ഹയർഗ്രേഡിനുള്ള നിശ്ചിത യോഗ്യതാ കാലം പൂർത്തിയാക്കുന്നതിനു മുൻപ് റൂൾ 28 എ ഫിക്സേഷൻ ആനുകൂല്യത്തോടെ ഹയർപോസ്റ്റിലേക്കുള്ള നിയമനം/റഗുലർ പ്രൊമോഷൻ/ബൈട്രാൻസ്ഫർ പ്രൊമോഷൻ ലഭിച്ചവർക്ക് സമയബന്ധിത ഹയർഗ്രേഡിനു അർഹതയില്ല എന്നും സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുമ്പോൾ നിശ്ചിതകാലയളവിനുള്ളിൽ മാനദണ്ഡപ്രകാരം അനുവദനീയമായതിൽ കൂടുതൽ 28 എ ഫിക്സേഷൻ ലഭിച്ചിട്ടില്ല എന്ന് വകുപ്പുമേധാവി/നിയമനാധികാരി/നിയന്ത്രണാധികാരി ഉറപ്പുവരുത്തേണ്ടതാണ് എന്നും സ്പഷ്ടീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടി.എസ്. മജീദ്**

**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തൃശ്ശൂർ

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം

എല്ലാ വകുപ്പുകൾക്കും, വകുപ്പു തലവൻമാർക്കും

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറിയേറ്റിലെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർക്ക്

ഗവർണ്ണറുടെ സെക്രട്ടറി

മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ